# പ്രലോഭനാദുത്സരഃ

## ( 9ാം ക്ലാസിലെ 3ാം പാഠത്തിന്റെ പഠനസഹായി)

*ഹിതോപദേശത്തിലെ മൂലകഥ, അതേപടി മലയാളം ലിപിയിൽ ആവശ്യമായ അടിക്കുറിപ്പുകളോടെ താഴെകൊടുക്കുന്നു.*

*(ചിത്രവർണൻ എന്ന രാജാവിനോട് മന്ത്രി സംഭാഷണമദ്ധ്യേ ഇങ്ങനെ പറഞ്ഞു)*

**ഭക്ഷയിത്വാ ബഹൂൻ മത്സ്യാൻ ഉത്തമാധമമധ്യമാൻ**
***അതിലോഭാദ് ബകഃ പശ്ചാന്മൃതഃ കർകടകഗ്രഹാത്***

*( ആ കഥ വിശദീകരിക്കാൻ ചിത്രവർണൻ പറഞ്ഞതനുസരിച്ച് മന്ത്രി കഥ പറയുന്നു)*

അസ്തി മാളവദേശേ പദ്മഗർഭനാമധേയം സരഃ. തത്രൈകോ വൃദ്ധോ ബകഃ സാമർത്ഥ്യഹീനഃ ഉദ്വിഗ്നമിവാത്മാനം ദർശയിത്വാ സ്ഥിതഃ. സ ച കേനചിത് കുളീരേണ ദൃഷ്ടഃ പൃഷ്ടശ്ച.

"കിമിതി ഭവാൻ അത്ര ആഹാരത്യാഗേന തിഷ്ഠതി?"

ബകേനോക്തം-

"മത്സ്യാ മമ ജീവനോപായഃ. തേ കൈവർത്തൈരാഗത്യ വ്യാപാദയിതവ്യാ ഇതി വാർതാ നഗരോപാന്തേ മയാ ശ്രുതാ. അതോ ***വർത്തനാഭാവാദേവ** അസ്മൻ മരണമുപസ്ഥിതം ഇതി ജ്ഞാത്വാ ആഹാരാപ്യനാദരഃ കൃതഃ."

തതോ മത്സ്യൈരാലോചിതം.-

'ഇഹസമയേ താവദുപകാരക ഏവായം ലക്ഷ്യതേ. തദയമേവ യഥാകർതവ്യം പൃച്ഛ്യതാമ്'

തഥാ ചോക്തം -

**** ഉപകർത്രാരിണാ സന്ധിർന മിത്രേണാപകാരിണാ**
**ഉപകാരോപകാരൗ ഹി ലക്ഷ്യം ലക്ഷണമേതയോഃ**

മത്സ്യാഃ ഉചുഃ -

" ഭോ ബക! കോത്ര രക്ഷണോപായഃ?"

ബകോ ബ്രൂതേ -

"അസ്തി രക്ഷണോപായോ ജലാശയാന്തരാശ്രയണം. തത്ര അഹം ഏകൈകശോ യുഷ്മാന്നയാമി"

മത്സ്യാഃ ആഹുഃ -

"ഏവമസ്തു"

തതോ അസൗ ബകഃ താൻ മത്സ്യാൻ ഏകൈകശോ നീത്വാ ഖാദതി. അനന്തരം കുളീരസ്തമുവാച

"ഭോ! ബക! മാമപി തത്ര നയ"

തതോ ബകോപി അപൂർവകുളീരമാംസാർത്ഥീ സാദരം തം നീത്വാ സ്ഥലേ ധൃതവാൻ. കുളീരോപി മത്സ്യകണ്ടകാകീർണം തത് സ്ഥലമാലോക്യാചിന്തയത്

'ഹാ ! ഹതോസ്മി മന്ദഭാഗ്യഃ. ഭവതു, ഇദാനീം സമയോചിതം വ്യവഹരിഷ്യാമി'

ഇത്യാലോച്യ കുളീരഃ തസ്യ ഗ്രീവാം ചിച്ഛേദ. സ ബകഃ പഞ്ചത്വം ഗതഃ. അതോഹം

ബ്രവീമി-

ഭക്ഷയിത്വാ ബഹൂൻ മത്സ്യാൻ  ഉത്തമാധമമധ്യമാൻ
അതിലോഭാദ് ബകഃ പശ്ചാന്മൃതഃ കർകടകഗ്രഹാത്

ഇത്യാദി.

- ഹിതോപദേശഃ , സന്ധി എന്ന 4ാം  ഭാഗത്തിലെ 7ാമത്തെ കഥ

**കുറിപ്പുകൾ**

*** *വർത്തനാഭാവാദേവ – ജീവനോപായം ഇല്ലാതെതന്നെ.**
**വർത്തനം ജീവനോപായഃ, എന്നും വൃത്തിർ വർത്തനജീവനേ എന്നും കോശം.**
*പാഠപുസ്തകത്തിൽ **വർത്തമാനാഭാവാദേവ** എന്നു കാണുന്നത് പ്രമാദമാണ്. ഹിതോപദേശത്തിന്റെ ദേവനാഗരിലിപിയിലുള്ള പഴയപതിപ്പിൽ വന്ന അച്ചുപിഴ ആവർത്തിച്ചതാണ് ഇവിടത്തെ അർത്ഥശങ്കയ്ക്ക് കാരണം.*

****       ഉപകർത്രാരിണാ സന്ധിർന മിത്രേണാപകാരിണാ**
***ഉപകാരോപകാരൗ ഹി ലക്ഷ്യം ലക്ഷണമേതയോഃ***

***ഈ പദ്യം ശിശുപാലവധം മഹാകാവ്യത്തിലെ രണ്ടാം സർഗത്തിലെ 37-മത്തെ പദ്യമാണ്. തങ്ങളുടെ ബന്ധുവാണെങ്കിലും ശത്രുതകാട്ടുന്ന ശിശുപാലനോട് സന്ധിചെയ്യേണ്ട ആവശ്യമില്ലെന്ന് കൃഷ്ണനോടും ഉദ്ധവനോടും ബലരാമൻ പറയുന്നതാണ് സന്ദർഭം.***
***ഉപകർത്രാരിണാ സന്ധി (ഉപകാരം ചെയ്യുന്നവൻ ശത്രുവാണെങ്കിലും അവനുമായി സന്ധിചെയ്യാം) അപകാരിണാ മിത്രേണ ന ( അപകാരം ചെയ്യുന്ന മിത്രത്തോട് സന്ധി പാടില്ല) ഉപകാരാപകാരൗ ( അവർ ചെയ്യുന്ന ഉപകാര-അപകാരങ്ങളാണ് ) ഏതയോഃ  (സന്ധിയുടേയും സന്ധിയില്ലായ്മയുടേയും) ലക്ഷണം ( മാനദണ്ഡം) ഇതി ലക്ഷ്യം ഹി ( എന്ന് മനസ്സിലാക്കിക്കൊള്ളേണ്ടതാണ്)***
***ലക്ഷ്യം എന്നതിന് ഉദാഹരണം എന്ന അർത്ഥമാണ് മല്ലിനാഥൻ നല്കുന്നത്.***
***ദ്വേഷ്യോപി സമ്മതസ്സസ്യ ..... എന്ന രഘുവംശപദ്യത്തിൽ കാളിദാസൻ ഈക്കാര്യം മറ്റൊരുതരത്തിൽ പ്രസ്താവിച്ചിട്ടുള്ളതും സ്മർതവ്യമാണ്. ദിലീപമഹാരാജാവ്, തനിക്ക് സമ്മതനല്ലെങ്കിലും ഗുണവാനായ പുരുഷനെ രോഗികയ്പാർന്ന ഔഷധത്തെ അനിഷ്ടമുണ്ടെങ്കിലും സേവിക്കും മട്ട് സ്വീകരിച്ചു. തന്റെ ബന്ധുവാണെങ്കിലും അവൻ ദുർന്നടപ്പുകാരനാണെങ്കിൽ സ്വന്തം കാൽവിരലാണെങ്കിലും സർപ്പദംശനമേറ്റാൽ അത് മുറിച്ചുകളയുന്നതുപോലെ അവനെ ഉപേക്ഷിച്ചു എന്ന് ഒന്നാം സർഗത്തിൽ പ്രസ്താവിക്കുന്നു.***

***---ഹരിപ്രസാദ് കടമ്പൂര്--***